എച്ച്.വി.(2) 980/2020 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 15.05.2020

## സർക്കുലർ നം.36/2020

വിഷയം:- സഹകരണ വകുപ്പ് - കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ. 4440 -സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നതിനുള്ള അനുവാദം സർക്കുലർ ഭേദഗതി ചെയ്ത് നിർദ്ദേശം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:-
1. സംഘം ഭരണസമിതിയുടെ 03.03.2020 ലെ 16-ാം നമ്പർതീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03.03.2020 ലെ 17/2020 നമ്പർ സർക്കുലർ.
3. വനിതാ ഫെഡറേഷന്റെ 13.05.2020 ലെ അപേക്ഷ.

കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം. 4440 (വനിതാഫെഡ്) പ്രാഥമിക വനിതാ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് പലിശരഹിത/പലിശ സബ്സിഡി ധനസഹായം നൽകുന്നതിന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം, ഓഹരി എന്നീ ഇനങ്ങളിൽ ഫണ്ട് സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി സംഘം ഭരണസമിതി സൂചന(1) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ സമർപ്പിച്ചതിന്മേൽ സൂചന(2) പ്രകാരം അനുവാദം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

വനിതാഫെഡിൽ നിക്ഷേപം/ഓഹരി നൽകുന്നതിന് തയ്യാറായ പല സഹകരണ സ്ഥാപനങ്ങളുടെയും നിയമാവലിയിൽ മേൽപ്പടി വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ ടി സർക്കുലർ നിർദ്ദേശ പ്രകാരം വനിതാഫെഡിന് തുക സമാഹരിക്കുന്നതിന് തടസ്സം നേരിടുന്നതായും അക്കാരണത്താൽ സഹകരണ മേഖലയിൽ വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിനും അതുവഴി അവർക്ക് സ്ഥിരവരുമാനം ലഭ്യമാകുന്നതിനുമുള്ള മാതൃകാപരമായ ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുന്നതായും സൂചന (3) പ്രകാരം അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനിൽ ഓഹരി/നിക്ഷേപം നടത്തുന്നതിന് താല്പര്യമുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഇതിനാൽ അനുവാദം നൽകുന്നു. കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനിൽ ഓഹരി /നിക്ഷേപം നടത്തുന്നതിന് നിയമാവലി വ്യവസ്ഥ ഉൾപ്പെടാത്ത സംഘങ്ങൾക്ക് ടി വ്യവസ്ഥ അടുത്തുകൂടുന്ന പൊതുയോഗത്തിൽ നിയമാവലിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ.അലക്സാണ്ടർ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.എസ് & എച്ച്.വി)

<u>പകർപ്പ്:</u>

1. മാനേജിംഗ് ഡയറക്ടർ
   കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം. 4440
   കെ.എസ്.സി.ബി. ബിൽഡിംഗ്, ഓവർബ്രിഡ്ജ് ജംഗ്ഷൻ,
   തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.